# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 397 — 04.06.2018 — ൽ മറുപടിക്ക്

## ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ചിറ്റയം ഗോപകുമാർ<br>,, ഇ.ടി. ടൈസൺ മാസ്റ്റർ<br>,, കെ. രാജൻ<br>,, വി.ആർ. സുനിൽ കുമാർ : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പാക്കുന്നതിന് ഈ സർക്കാർ , സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ; | (എ) 1. സംസ്ഥാന സർക്കാർ അംഗീകരിച്ച മാനദണ്ഡങ്ങൾ പ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുത്തു.<br>2. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 അനുശാസിക്കുംവിധം കരട് രേഖ തയ്യാറാക്കി പ്രസിദ്ധീകരിച്ചു.<br>3. മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള പരാതികൾ സ്വീകരിച്ച്, അപ്പീൽ കേട്ട് അന്തിമ ലിസ്റ്റ് കീഴ്‌വഴക്കങ്ങൾ അനുസരിച്ച് പ്രസിദ്ധപ്പെടുത്തി ആയതു പ്രകാരം റേഷൻ വിതരണം തുടർന്നു വരുന്നു.<br>4. വാതിൽപ്പടി വിതരണത്തിനായി സപ്ലൈകോയെ അംഗീകൃത ഏജൻസിയായി നിയമിച്ചു.<br>5. നിലവിൽ റേഷൻ വിതരണം ഇ-പോസ് മുഖേന ക്രമപ്പെടുത്തി.<br>6. കൺസ്യൂമർ ഡിസ്പ്യൂട്ട്സ് റീഡ്രസ്സൽ കമ്മീഷന് സംസ്ഥാന ഭക്ഷ്യ കമ്മീഷന്റെ ചുമതല നൽകി.<br>7. സംസ്ഥാന ഭക്ഷ്യ ഭദ്രതാ ചട്ടങ്ങൾ അംഗീകരിച്ചു.<br>8. പൊതുവിതരണം സോഷ്യൽ ആഡിറ്റിന് വിധേയമാക്കാൻ തീരുമാനിച്ചു.<br>9. വിജിലൻസ് കമ്മിറ്റികൾ രൂപീകരിക്കുവാനും, കേരള റേഷനിംഗ് ഓർഡർ, മാനുവൽ എന്നിവ പരിഷ്കരിക്കാനുമുള്ള നടപടികൾ തുടർന്നു വരുന്നു.<br>10. റേഷൻ വിതരണക്കാർക്ക് പ്രത്യേക കമ്മീഷൻ പാക്കേജ് അംഗീകരിച്ചു.<br>11. സർക്കാർ ഗോഡൗണുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. |

| | | | |
|---|---|---|---|
| (ബി) | എല്ലാ റേഷൻകടകളിലും ഇ-പോസ് മെഷീനുകൾ സ്ഥാപിക്കുന്നതിന് നിലവിൽ സാധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (ബി) | ഉണ്ട്. സംസ്ഥാനത്ത് എല്ലാ റേഷൻ കടകളിലും 2018 മെയ് മാസം മുതൽ ഇ-പോസ് മെഷീൻ മുഖേന റേഷൻ വിതരണം ആരംഭിച്ചിട്ടുണ്ട്. എന്നാൽ ഒരു മൊബൈൽ കണക്റ്റിവിറ്റിയും ലഭ്യമല്ലാത്ത 42 റേഷൻകടകളിൽ ഇ-പോസ് മുഖേന വിതരണം ആരംഭിക്കാൻ സാധിച്ചിട്ടില്ല. പ്രസ്തുത കടകളിൽ റേഷൻ വിതരണം മാന്വൽ രീതിയിലാണ് നടത്തിവരുന്നത്. |
| (സി) | റേഷൻ കടകളുടെ നവീകരണത്തിനും വൈവിധ്യവത്ക്കരണത്തിനുമായി സർക്കാർ നടപ്പിലാക്കുന്ന പുതിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (സി) | റേഷൻ വിതരണം പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ റേഷൻ കടകളിലും ഇ-പോസ് മെഷീൻ സ്ഥാപിച്ച് അർഹരായ ഉപഭോക്താവിന് മാത്രം റേഷൻ വിതരണം നടത്തി വരുന്നു. ഓരോ വിഭാഗത്തിനും അർഹതപ്പെട്ട പ്രതിമാസ റേഷൻ വിഹിതം എസ്.എം.എസ്. മുഖേന അറിയിക്കുകയും പത്രമാധ്യമങ്ങളിലൂടെ അറിയിപ്പ് നൽകുകയും ചെയ്യുന്നു. നിലവിലെ റേഷൻ കടകളുടെ രൂപത്തിലും ഭാവത്തിലും തനതായ മാറ്റങ്ങൾ വരുത്തി റേഷൻകടകളെ ആകർഷകമാക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ റേഷൻകടകൾക്കും ഒരേ മാതൃകയിലുള്ള നെയിംബോർഡ്, സ്റ്റോക്ക് ബോർഡ്, വില വിവര പട്ടിക, ഒരേ രീതിയിലുള്ള പെയിന്റ് എന്നിവ നൽകി നവീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. വൈവിധ്യവത്ക്കരണം സംബന്ധിച്ച കാര്യങ്ങൾ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ